2024
MAY
17
FRIDAY
Special Issue-e Paper
E-mail: societytodaynews@gmail.com

# സൊസൈറ്റി ടുഡേ




## ശസ്ത്രക്രിയ പിഴവ്: ഡോക്ടറെ സസ്പെൻഡ് ചെയ്തു

**തിരുവനന്തപുരം:** കോഴിക്കോട് മെഡിക്കൽ കോളേജ് മാതൃ ശിശു സംരക്ഷണ കേന്ദ്രത്തിൽ നാല് വയസുകാരിയെ ശസ്ത്രക്രിയ ചെയ്തതിൽ പിഴവ് സംഭവിച്ചെന്ന പരാതിയിൽ അസോസിയേറ്റ് പ്രൊഫസർ ഡോ. ബിജോൺ ജോൺസണെ അന്വേഷണ വിധേയമായി സസ്പെൻഡ് ചെയ്തു. സംഭവത്തെപ്പറ്റി അടിയന്തരമായി അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കാൻ ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ് മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർക്ക് നിർദേശം നൽകിയിരുന്നു. ഇതിന്റെയടിസ്ഥാനത്തിലാണ് നടപടി. വിശദമായ അന്വേഷണം നടത്തി തുടർനടപടി സ്വീകരിക്കാനും മന്ത്രി നിർദേശം നൽകി. ആശുപത്രികൾ പ്രോട്ടോകോളുകൾ കൃത്യമായി പാലിക്കാൻ മന്ത്രി കർശന നിർദേശം നൽകി.

## റേഷൻ കടകളുടെ പ്രവർത്തനസമയം പുന:സ്ഥാപിച്ചു




**തിരുവനന്തപുരം:** കേരളത്തിൽ ഉഷ്ണ തരംഗ സാധ്യത കണക്കിലെടുത്ത് വരുത്തിയിരുന്ന റേഷൻ കടകളുടെ പ്രവർത്തന സമയം ഇന്നു മുതൽ പുന:സ്ഥാപിച്ചിതായി അധികൃതർ വ്യക്തമാക്കി. രാവിലെ 8 മണി മുതൽ 12 മണി വരെയും വൈകുന്നേരം 4 മണി മുതൽ 7 മണി വരെയുമായിരിക്കും റേഷൻകടകൾ പ്രവർത്തിക്കുക.നേരത്തെ ഇത് രാവിലെ എട്ടു മുതൽ 11 വരെയും വൈകുന്നേരം നാലു മുതൽ വൈകിട്ട് എട്ടുവരെയുമാക്കി പ്രവർത്തനം ക്രമീകരിച്ചിരുന്നു. ഇതാണ് ഇപ്പോൾ വീണ്ടും മാറ്റി പഴയ സമയക്രമം ഏർപ്പെടുത്തിയിരിക്കുന്നത്

# ആദ്യ നാല് ഘട്ടം പോളിങ് 66.95%

## 451 ദശലക്ഷം പേർ ഇതുവരെ വോട്ട് ചെയ്തു




**ന്യൂഡൽഹി :** 2024ലെ ലോക്സഭാ തെരഞ്ഞെടുപ്പിൽ ആദ്യ നാലു ഘട്ടം വോട്ടെടുപ്പ് പൂർത്തിയായപ്പോൾ 66.95% പേർ പോളിംഗ് രേഖപ്പെടുത്തിയതായി കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മീഷൻ. പൊതു തെരഞ്ഞെടുപ്പിന്റെ ആദ്യ നാല് ഘട്ടങ്ങളിൽ ഏകദേശം 451 ദശലക്ഷം പേർ വോട്ട് ചെയ്തു. വോട്ടിംഗിന് യോഗ്യരായ എല്ലാ വോട്ടർമാരിലേക്കും എത്തിച്ചേരുന്നതിന് കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മീഷൻ അതിന്റെ ഇടപെടലുകൾ മെച്ചപ്പെടുത്തിയിട്ടുണ്ട്. വോട്ടർ ബോധവൽക്കരണ പരിപാടിയുടെ ഭാഗമായി വിവിധ ക്യാംപയിനുകൾ സംഘടിപ്പിച്ചിരുന്നു.സിഇസി രാജീവ് കുമാറിന്റെ നേതൃത്വത്തിൽ അംഗങ്ങളായ ഗ്യാനേഷ് കുമാർ, സുഖ്ബീർ സിംഗ് സന്ധു എന്നിവരടങ്ങുന്ന കമ്മീഷൻ 5, 6, 7 ഘട്ടങ്ങളിൽ തെരഞ്ഞെടുപ്പിന് പോകുന്ന സംസ്ഥാനങ്ങളിലെ സിഇഒമാരോട് എല്ലാ വോട്ടർമാർക്കും വോട്ടർ വിവര സ്ലിപ്പുകൾ സമയബന്ധിതമായി വിതരണം ചെയ്യാനും അവബോധ പ്രവർത്തനങ്ങൾ വർദ്ധിപ്പിക്കാനും നിർദ്ദേശിച്ചു. വോട്ടർ ബോധവൽക്കരണ പരിപാടിയുടെ അനിവാര്യ ഘടകങ്ങളാണ് പങ്കാളിത്തവും സഹകരണവും കമ്മിഷന്റെ അഭ്യർത്ഥന മാനിച്ച്, അവബോധപ്രവർത്തനങ്ങളിൽ വ്യത്യസ്ത സ്ഥാപനങ്ങളും സമൂഹത്തിൽ കാര്യമായ സ്വാധീനമുള്ള പ്രശസ്തരായ വ്യക്തികളും ആവേശത്തോടെ പ്രവർത്തിക്കുന്നത് കാണുന്നത് ശരിക്കും സന്തോഷകരമാണ് എന്ന് മുഖ്യ തിരഞ്ഞെടുപ്പ് കമ്മീഷണരാജീവ് കുമാർ പറഞ്ഞു. ഉയർന്ന വോട്ടിംഗ് ശതമാനം ലോകത്തിന്, ഇന്ത്യൻ ജനാധിപത്യത്തിന്റെ ശക്തിയെക്കുറിച്ച് ഇന്ത്യൻ വോട്ടർമാരിൽ നിന്നുള്ള സന്ദേശമാകുമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

# സുനിൽ ഛേത്രി ബൂട്ടഴിക്കുന്നു



**മുംബൈ:** അന്താരാഷ്ട്ര ഫുട്ബോളിൽ നിന്ന് വിരമിക്കൽ പ്രഖ്യാപിച്ച് ഇന്ത്യയുടെ ഇതിഹാസതാരവും ക്യാപ്റ്റനുമായ സുനിൽ ഛേത്രി. ജൂൺ ആറിന് കുവൈത്തിനെതിരെ കൽക്കത്തയിൽ നടക്കുന്ന ലോക കപ്പ് യോഗ്യതാ മത്സരത്തിന് ശേഷം രാജ്യാന്തര മൽസരത്തിൽ നിന്നും വിരമിക്കുകയാണെന്ന് സുനിൽ ഛേത്രി വ്യക്തമാക്കി. സോഷ്യൽ മീഡിയയിലൂടെ പങ്കുവച്ച പ്രത്യേക വീഡിയോയിലൂടെയാണ് 39കാരനായ ഛേത്രി തന്റെ തീരുമാനം പുറത്തുവിട്ടത്. 2005ൽ പാകിസ്ഥാനെതിരായ മത്സരത്തിലാണ് ഛേത്രി അരങ്ങേറ്റം കുറിക്കുന്നത്. തുടർന്നിങ്ങോട്ട് 19 വർഷം അദ്ദേഹം ഇന്ത്യൻ ജേഴ്സിയിലുണ്ടായിരുന്നു.ഇന്ത്യയ്ക്കു വേണ്ടി ഏറ്റവും അധികം മൽസരങ്ങൾ കളിച്ചതിന്റെ റെക്കാർഡും സുനിൽ ഛേത്രിക്കാണ്.150 ലധികം മൽസരങ്ങൾ കളിച്ച സുനിൽ ഛേത്രി 94 ഗോളുകളും നേടി.നിലവിൽ സജീവമായ ഫുട്ബോളർമാരിൽ ഏറ്റവും കൂടുതൽ അന്താരാഷ്ട്ര ഗോളുകൾ നേടിയ മൂന്നാമത്തെ താരവും ഛേത്രി തന്നെ. അർജന്റീന ഇതിഹാസം ലയണൽ മെസി (180 മത്സരങ്ങളിൽ 106), പോർച്ചുഗീസ് താരം ക്രിസ്റ്റ്യാനോ റൊണാൾഡോ (205 മത്സരങ്ങളിൽ 128) എന്നിവരാണ് ഛേത്രിയുടെ മുന്നിലുള്ള മറ്റു രണ്ടു പേർ.ഒരു ഇന്ത്യൻ ഫുട് ബോളർക്ക് സ്വപ്നം കാണാൻ കഴിയുന്നതിലും അപ്പുറമുള്ള റെക്കാർഡുമായാണ് സുനിൽ ഛേത്രി മൈതാനം വിടുന്നത്.2011ൽ അർജുന അവാർഡും 2019ൽ പത്മശ്രീയും ലഭിച്ചതിന് പുറമെ ആറ് തവണ എഐഎഫ്എഫ് പ്ലെയർ ഓഫ് ദ ഇയർ അവാർഡും ഛേത്രി നേടിയെടുത്തു. അന്താരാഷ്ട്ര വേദിയിൽ, 2008ലെ എഎഫ്സി ചലഞ്ച് കപ്പ്, 2011, 2015 വർഷങ്ങളിലെ സാഫ് ചാമ്പ്യൻഷിപ്പ്, നെഹ്റു കപ്പ് (2007, 2009, 2012), 2017, 2018ലെ ഇന്റർകോണ്ടിനെന്റൽ കപ്പ് എന്നിവ നേടിയ ഇന്ത്യൻ ടീമുകളുടെ ഭാഗമാണ് ഛേത്രി. സുനിൽ ഛേത്രി വിരമിക്കുമ്പോൾ പകരം സ്ട്രൈക്കറെ കണ്ടെത്തുകയെന്നത് ഇന്ത്യയെ സംബന്ധിച്ചിടത്തോളം വലിയ കടമ്പയാണ്.ഫിഫ ലോകകപ്പ് യോഗ്യതാ റൗണ്ടിൽ ഗ്രൂപ്പ് എയിൽ നാല് പോയിന്റുമായി ഇന്ത്യ നിലവിൽ ഖത്തറിന് പിന്നിൽ രണ്ടാം സ്ഥാനത്താണ്. 3 പോയിന്റുമായി കുവൈറ്റ് നാലാമതാണ്.



# ഭാരവാഹികളെ തിരഞ്ഞെടുത്തു





**കൊച്ചി:** കേരള ഇൻസോൾവൻസി പ്രൊഫഷണൽസ് ഫോറത്തിന്റെ ഐ എം എ ഹൗസിൽ നടന്ന വാർഷിക ജനറൽബോഡി യോഗത്തിൽ പുതിയ ഭാരവാഹികളെ തെരഞ്ഞെടുത്തു.അഡ്വ. ശങ്കർ പി പണിക്കർ (ചെയർമാൻ), സി എ പി ടി ജോയ് (വൈസ് പ്രസിഡന്റ് ആന്റ് പി സി സി ചെയർമാൻ), സി എ ഷോൺ ജെഫ് ക്രിസ്റ്റഫർ (സെക്ര), സി എ രാജേന്ദ്രൻ, സി എം എ സെലിൻ (ജോയിന്റ് സെക്ര), സി എ മുകേഷ് (ട്രഷറർ) എന്നിവരാണ് ഭാരവാഹികൾ.

# പ്ളസ് വൺ പ്രവേശനം:
## ഗേൾസ് ഹൈസ്കൂളിൽ ഹെൽപ്പ് ഡെസ്ക് തുടങ്ങി

**കൊച്ചി:** എറണാകുളം ഗവ. ഹയർ സെക്കന്ററി സ്കൂൾ ഫോർ ഗേൾസിൽ 2024ലെ പ്ലസ് വൺ പ്രവേശനവുമായി ബന്ധപ്പെട്ട് ഹെൽപ്പ് ഡെസ്ക്  പ്രവർത്തനം ആരംഭിച്ചു. സ്കൂൾ ഓഡിറ്റോറിയത്തിൽ നടന്ന ചടങ്ങിൽ ഹയർ സെക്കന്ററി പ്രിൻസിപ്പൽ മിനി റാം ഹെൽപ്പ് ഡെസ്കിന്റെ ഉദ്ഘാടനം നിർവഹിച്ചു. തുടർന്ന് പ്ലസ് വൺ പ്രവേശനവുമായി ബന്ധപ്പെട്ട് കുട്ടികളുടെയും രക്ഷകർത്താക്കളുടെയും സംശയങ്ങൾ, ആപ്ലിക്കേഷൻ നൽകേണ്ടത് എങ്ങനെ, സ്കൂൾ ലഭ്യത, പഠിക്കുവാനുള്ളഗ്രൂപ്പ് നിർണയിക്കൽ, ഓരോ കോഴ്സിന്റെയും സാധ്യതകൾതുടങ്ങിയവ ചർച്ച ചെയ്യുന്ന ക്ലാസ് ഡോ. ബാബു ഇടമ്പാടം നയിച്ചു. ഹയർ സെക്കന്ററി സ്കൂൾ കരിയർ ഗൈഡൻസ്  ആന്റ് അഡോളസെൻസ് സെല്ലിന്റെയും ഗേൾസ് ഹൈ സ്കൂളിന്റെയും നേതൃത്വത്തിൽ നടന്ന ചടങ്ങിൽ സ്കൂൾ ഹെഡ്മിസ്ട്രെസ് കെ.ആർ. രജിത, അധ്യാപകരായ ഡി.എ. രാധാകൃഷ്ണൻ,പി.ആർ.രേഖ, വി.ജെ.ലിജി തുടങ്ങിയവർ പങ്കെടുത്തു.എല്ലാദിവസവും രാവിലെ 10 മുതൽ വൈകിട്ട് 3 വരെ ഹെൽപ്പ് ഡെസ്ക് സേവനം ലഭ്യമാകുമെന്ന് പ്രിൻസിപ്പൽ അറിയിച്ചു.

# പുനർക്വട്ടേഷൻ

**കൊച്ചി:** മുനമ്പം ഫിഷിംഗ് ഹാർബറിലെ ഷോപ്പിംഗ് കോംപ്ലക്സിന് കിഴക്കുഭാഗത്തുള്ള മിനറൽ വാട്ടർ സൂക്ഷിക്കുന്ന റൂമിന്റെ 2 മുറികൾ (റൂം നമ്പർ 1, റൂം നമ്പർ2)  മേയ് 21 മുതൽ ജൂൺ 20 വരെ പ്രസ്തുത ആവശ്യത്തിന് വാടകയ്ക്ക് നൽകുന്നതിന് ക്വട്ടേഷനുകൾ ക്ഷണിച്ചു. വിശദവിവരങ്ങൾക്ക് ഫോൺ: 0484 2397370

# മഴക്കാലപൂർവ്വ ശുചീകരണം നടത്തി



**കൊച്ചി:** എറണാകുളം സർക്കാർ മെഡിക്കൽ കോളേജ് ക്യാമ്പസ് പരിസരങ്ങളിൽ മഴക്കാലപൂർവ്വ ശുചീകരണ പ്രവർത്തനങ്ങൾ നടത്തി. മെഡിക്കൽ കോളേജ് ഹൗസ് കീപ്പിങ് ഡിപ്പാർട്മെന്റും കളമശ്ശേരി ലിറ്റിൽ ഫ്ലവർ പോളിടെക്നിക് കോളേജ് എൻ. എസ്. എസ് വിഭാഗവും സംയുക്തമായാണ് ശുചീകരണ പ്രവർത്തനങ്ങൾ നടത്തിയത്.മഴക്കാലജന്യ രോഗങ്ങളെ പ്രതിരോധിക്കുന്നതിനായാണ് ശുചീകരണ പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചത്.ലിറ്റിൽഫ്ലവർ   പോളിടെക്നിക് കോളേജ് പ്രിൻസിപ്പൽ ഫാദർ ഡൊമനിക് ശുചീകരണ പ്രവർത്തനങ്ങളുടെ ഉദ്ഘാടനം നിർവഹിച്ചു. കോളേജ് എൻ. എസ്. എസ് കോ ഓഡിനേറ്റർ ബാലചന്ദ്രൻ, മെഡിക്കൽ കോളേജ് ഹെൽത്ത് ഇൻസ്പെക്ടർ ജോൺ എൽപ്പിസ്റ്റൻ എന്നിവരുടെ നേതൃത്വത്തിൽ ഉറവിട നശീകരണം, പരിസര ശുചീകരണം തുടങ്ങിയ പ്രവർത്തനങ്ങൾ നടത്തി. മെഡിക്കൽ കോളേജ് ഹൗസ്കീപ്പിങ് ജീവനക്കാരും അൻപത് എൻ. എസ്. എസ് വൊളന്റിയേഴ്സും പങ്കെടുത്തു. കൂടുതൽ ശുചീകരണ പ്രവർത്തനങ്ങളിൽ ഏർപ്പെടാൻ എൻ. എസ്. എസ് പ്രവർത്തകർ സന്നദ്ധരാണെന്ന് കോളേജ് അധികൃതർ അറിയിച്ചു.

# ദേശീയപാത നിർമ്മാണം:
## കലുങ്കുകളിലെയും തോടുകളിലെയും മണ്ണ് നീക്കണം



**കൊച്ചി:** എൻഎച്ച് 66, എൻഎച്ച് 85 എന്നീ ദേശീയപാതകളുടെ നിർമ്മാണവുമായി ബന്ധപ്പെട്ട വിവിധ വിഷയങ്ങൾ ജില്ലാ കളക്ടർ എൻ.എസ്.കെ. ഉമേഷിന്റെ നേതൃത്വത്തിൽ അവലോകനം ചെയ്തു. ദേശീയ പാതയുടെ നിർമ്മാണത്തിനിടെ തോടുകളിലും കലുങ്കുകളിലും മണ്ണ് നിക്ഷേപിച്ചിട്ടുണ്ടെങ്കിൽ അവ അടിയന്തരമായി നീക്കം ചെയ്യണമെന്ന് ജില്ലാ കളക്ടർ ദേശീയപാത അധികൃതർക്ക് നിർദേശം നൽകി. മഴക്കാലം ആരംഭിച്ച സാഹചര്യത്തിൽ തോടുകളിലെയും മറ്റ് ഒഴുക്ക് സുഗമമാക്കണം. വെള്ളക്കെട്ട് രൂപപ്പെടുന്ന സാഹചര്യം ഒഴിവാക്കണം. ദേശീയപാതയുടെ നിർമ്മാണത്തെ തുടർന്ന് വെള്ളക്കെട്ട് രൂപപ്പെട്ടിട്ടുള്ള തദ്ദേശ സ്ഥാപനങ്ങളുടെ വിവരങ്ങൾ തദ്ദേശ സ്ഥാപന സെക്രട്ടറിമാർ യോഗത്തിൽ അറിയിച്ചു. ദേശീയപാത 66 ന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട് ഡെപ്യൂട്ടി കളക്ടർ വി.ഇ. അബ്ബാസിന്റെ നേതൃത്വത്തിൽ മെയ് 21 ചൊവ്വാഴ്ച സ്ഥല സന്ദർശനം നടത്തും. അണ്ടർ ഗ്രൗണ്ട് കേബിളുകൾ വലിക്കുന്നതുമായി ബന്ധപ്പെട്ട് കെഎസ്ഇബിയും ദേശീയപാത അധികൃതരും തമ്മിൽ ഒരാഴ്ചയ്ക്കകം അന്തിമ തീരുമാനമെടുക്കാൻ ജില്ലാ കളക്ടർ നിർദേശിച്ചു.ദേശീയപാത 85 ന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട് വാട്ടർ അതോറിറ്റി ഉന്നയിച്ച വിഷയങ്ങളും ഉടൻ പരിഹരിക്കാൻ നിർദേശം നൽകി. ജൽ ജീവൻ മിഷൻ പദ്ധതിക്കായി പൈപ്പ് ലൈനുകൾ സ്ഥാപിക്കാൻ എൻഒസി നൽകുമെന്ന് ദേശീയപാത അതോറിറ്റി അറിയിച്ചു. ദേശീയപാത അതോറിറ്റി ഡ്രെയ്നേജ് സ്ഥാപിക്കുമ്പോൾ പൈപ്പ് ഇടുന്നതിനുള്ള സ്ഥല സൗകര്യം കൂടി പരിഗണിക്കണമെന്നാണ് വാട്ടർ അതോറിറ്റി ആവശ്യപ്പെട്ടത്. നിർമ്മാണവുമായി ബന്ധപ്പെട്ട് കുടിവെള്ള പൈപ്പുകൾക്ക് തകരാർ സംഭവിച്ച് കുടിവെള്ളക്ഷാമം ഉണ്ടാകാതിരിക്കാൻ ജാഗ്രത വേണമെന്നും നിർദേശം നൽകി.  പറവൂർ, കുര്യാപ്പിള്ളി, ചെറിയപ്പിള്ളി എന്നിവിടങ്ങളിൽ നിർമ്മിക്കുന്ന പാലങ്ങളുമായി ബന്ധപ്പെട്ട് വെർട്ടിക്കൽ ക്ലിയറൻസ് ഉൾപ്പടെയുള്ള വിഷയങ്ങളിൽ സ്ഥല സന്ദർശനത്തിനു ശേഷം അന്തിമ തീരുമാനം സ്വീകരിക്കും. കെഎസ്ഇബി, വാട്ടർ അതോറിറ്റി, മേജർ ഇറിഗേഷൻ, മൈനർ ഇറിഗേഷൻ, ദേശീയപാത അതോറിറ്റി അധികൃതർ, തദ്ദേശ സ്ഥാപന സെക്രട്ടറിമാർ തുടങ്ങിയവർ യോഗത്തിൽ പങ്കെടുത്തു.

# കുടുംബശ്രീ പ്രവർത്തകർക്ക് മാനസികാരോഗ്യ ബോധവത്കരണ പരിപാടി



**കൊച്ചി :** കൊച്ചി നഗരസഭ നടത്തി വരുന്ന ശാസ്ത്രീയ മാനസികാരോഗ്യ പദ്ധതിയായ 'ഹാപ്പിനെസ്സ് കൊച്ചി' പദ്ധതിയുടെ ഭാഗമായി കൊച്ചി നഗരത്തിലെ കുടുംബശ്രീ പ്രവർത്തകർക്ക് മാനസികാരോഗ്യ ബോധവത്കരണ പരിപാടി സംഘടിപ്പിച്ചു. മെയ് 14, 15, 16 തീയതികളിലായി നഗരത്തിന്റെ കീഴിലുള്ള മൂന്നു കുടുംബശ്രീ സി.ഡി.എസിലെയും എ.ഡി. എസ്  ഭരണസമിതി അംഗങ്ങൾക്ക്  ക്ലാസ്സു സംഘടിപ്പിച്ചു.  സ്ട്രെസ്സ് മാനേജ്മന്റ് , റിലേഷൻഷിപ്പ് മാനേജ്മന്റ് , കോൺഫ്ലിക്റ്റ് മാനേജ്മന്റ് എന്നിവയ്ക്ക് ഊന്നൽ കൊടുത്തുകൊണ്ട് ദൈനംദിന ജീവിത്തിൽ നല്ല മാനസികാരോഗ്യം എങ്ങനെ സംരക്ഷിക്കാം എന്നതിനെ സംബന്ധിച്ചു ആയിരുന്നു ക്ലാസ്സു. കേരളത്തിലെ സൈക്കോളജിസ്റ്റുകളുടെ സംഘടനയായ ഒപ്പം പ്ലസിലെ സൈക്കോളജിസ്റ്റുകൾ ആണ് ക്ലാസുകൾ നയിച്ചത് . മൂന്നു ദിവസങ്ങളിലായി ഏകദേശം നാനൂറോളം കുടുംബശ്രീ പ്രവർത്തകർ ഈ ക്ലാസ്സിൽ പങ്കെടുത്തു.ഈ ക്ലാസ്സുകളുടെ ഭാഗം ആയി നഗരസഭയുടെ ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺ ഷീബ ലാൽ , വിദ്യാഭ്യാസകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻവി. എ . ശ്രീജിത്ത് എന്നിവർ ഹാപ്പിനെസ്സ് കൊച്ചി പദ്ധതിയെ കുറിച്ച് കുടുംബശ്രീ പ്രവർത്തകർക്ക് വിശദീകരിച്ചു

# സയൻസ് ആൻഡ് ടെക് മേഖലയിലേക്ക് കൂടുതൽ പെൺകുട്ടികൾ വരണം

**ന്യൂഡൽഹി:** ഇന്ത്യ തിളങ്ങണമെങ്കിൽ, കൂടുതൽ കൂടുതൽ പെൺകുട്ടികൾ സയൻസ് ആൻഡ് ടെക്നോളജി മേഖലയിലേക്ക് പ്രവേശിക്കണമെന്നും സാങ്കേതികവിദ്യ ഒരു കരിയർ എന്ന നിലയിൽ തിരഞ്ഞെടുക്കണമെന്നും റിലയൻസ് ഇൻഡസ്ട്രീസ് ലിമിറ്റഡ് ഡയറക്ടർ ഇഷ അംബാനി പറഞ്ഞു. 'ഗേൾസ് ഇൻ ഇൻഫർമേഷൻ ആന്റ് കമ്മ്യൂണിക്കേഷൻസ് ടെക്നോളജി (ഐസിടി) ഇന്ത്യ 2024 സംസാരിക്കുകയായിരുന്നു അവർ. നമ്മുടെ സ്വപ്നത്തിലുള്ള ഇന്ത്യ കെട്ടിപ്പടുക്കണമെങ്കിൽ, സാങ്കേതികവിദ്യ നമ്മുടെ ചാലകശക്തിയായിരിക്കും. ടെക്നോളജി വ്യവസായം അനുദിനം വികസിച്ചുകൊണ്ടിരിക്കുമ്പോൾ തൊഴിൽ ശക്തിയിൽ സ്ത്രീകളുടെ പ്രാതിനിധ്യം കുറയുന്നത് ദുർബലപ്പെടുത്തുന്ന യാഥാർത്ഥ്യമാണെന്ന് അവർ പറഞ്ഞു.ലിംഗ വ്യത്യാസം ലിംഗ പക്ഷപാതത്തെ മാത്രമല്ല സൂചിപ്പിക്കുന്നത്, നവീകരണത്തിന്റെ പാതയിലെ ഒരു തടസ്സം കൂടിയാണ്.ഈ വിഭജനം അവസാനിപ്പിക്കേണ്ടത് തന്ത്രപരമായ അനിവാര്യതയാണ്, വ്യവസായത്തിനും സമൂഹത്തിന്റെ സമ



ഗ്രമായ വളർച്ചയ്ക്കും ആവശ്യമാണെന്നും അവർ പറഞ്ഞു.ഇന്ത്യയിലെ സാങ്കേതിക തൊഴിലാളികളിൽ 36 ശതമാനം സ്ത്രീകളാണെങ്കിലും, കോർപ്പറേറ്റ് ശ്രേണിയിലേക്ക് നോക്കാൻ തുടങ്ങുമ്പോൾ അവരുടെ സാന്നിധ്യം ഗണ്യമായി കുറയുന്നു.7 ശതമാനം സ്ത്രീകൾ മാത്രമാണ് എക്സിക്യൂട്ടീവ് തലത്തിലുള്ള സ്ഥാനങ്ങൾ വഹിക്കുന്നത്. 13 ശതമാനം മാത്രമാണ് സംവിധായക തലത്തിലുള്ള വേഷങ്ങളിൽ പ്രവർത്തിച്ചിരുന്നത്. വെറും 17 ശതമാനം പേർ മിഡ്മാനേജീരിയൽ സ്ഥാനങ്ങൾ വഹിച്ചുവെന്നുംനാസ്കോം ഡാറ്റ ഉദ്ധരിച്ച് ഇഷ അംബാനി പറഞ്ഞു, ഇന്ത്യയിലെ സാങ്കേതിക തൊഴിലാളികളിൽ 36 ശതമാനം മാത്രമാണ് സ്ത്രീകൾ.ഇന്ത്യയിലെ മൊത്തം സയൻസ് ടെക്നോളജി എൻജിനീയറിങ് മാത്തമാറ്റിക്സ ബിരുദധാരികളിൽ 43 ശതമാനം സ്ത്രീകളാണെന്നും എന്നാൽ ശാസ്ത്രജ്ഞർ, എഞ്ചിനീയർമാർ, സാങ്കേതിക വിദഗ്ധർ എന്നിവരിൽ 14 ശതമാനം മാത്രമാണ് ഉള്ളതെന്നും വേൾഡ് ബാങ്ക് ഡാറ്റ ഉദ്ധരിച്ച് അവർ പറഞ്ഞു.സ്റ്റാർട്ട്അപ്പ് ആവാസ വ്യവസ്ഥയിൽ പോലും സ്ത്രീകളുടെ കുറഞ്ഞ പങ്കാളിത്തം കാണാം . സ്ത്രീകൾ നയിക്കുന്ന സ്റ്റാർട്ടപ്പുകൾക്കും ബിസിനസുകൾക്കുമുള്ള ഫണ്ടിംഗിന്റെ കുറവും ഇതിൽ സ്ത്രീകളുടെ പ്രാതിനിധ്യം കുറയുന്നതിന് കാരണമാകുന്നു. സ്ത്രീകൾ ജന്മനാ നേതാക്കളാണ് . അവരുടെ സഹജമായ നിസ്വാർത്ഥത അവരെ മികച്ച നേതാക്കളാക്കുന്നു. അതിനാൽ, സ്ത്രീകൾക്ക് നേതൃത്വപരമായ റോളുകൾ നിഷേധിക്കുന്നതിലൂടെ, ഞങ്ങളുടെ മുഴുവൻ കഴിവുകളും തിരിച്ചറിയാനുള്ള അവസരം നമ്മൾ സ്വയം നിഷേധിക്കുകയാണെന്നും ഇഷ അംബാനി പറഞ്ഞു.

# ഡിജിറ്റൽ മാർക്കറ്റിംഗ് ഇന്റഗ്രേഷൻ വർക്ക് ഷോപ്പ്

**കൊച്ചി:** സംരംഭകർക്കായി വ്യവസായ വാണിജ്യ വകുപ്പിന്റെ സംരംഭകത്വ വികസന ഇൻസ്റ്റിറ്റ്യൂട്ടായ കേരള ഇൻസ്റ്റിട്യൂട്ട് ഫോർ എന്റർപ്രണർഷിപ്പ് ഡവലപ്മെന്റ് (KIED), 3 ദിവസത്തെ 'ഡിജിറ്റൽ മാർക്കറ്റിംഗ് ബിസിനസ് ഓട്ടോമേഷൻ ടു സോഷ്യൽ മീഡിയ ഇന്റഗ്രേഷൻ' വർക് ഷോപ്പ് സംഘടിപ്പിക്കുന്നു. മേയ് 22 മുതൽ 24 വരെ കളമശ്ശേരി കീഡ് ക്യാമ്പസിലാണ് പരിശീലനം. എം എസ് എം ഇ മേഖലയിലെ സംരംഭകർ / എക്സിക്യൂട്ടീവ്സ് എന്നിവർക്ക് പരിശീലനത്തിൽ പങ്കെടുക്കാം. ഡിജിറ്റൽ പ്രമോഷനുകൾ, ഇ മെസ്സേജിംഗ് മാനേജ്മെന്റ്, ഫേസ്ബുക്ക് ഓട്ടോമേഷൻ, ഇൻസ്റ്റാഗ്രാം അനലിറ്റിക്സ്, മീഡിയ പ്രമോഷനുകളും പ്രൊഡക്ഷനുകളും, ബിസിനസ്സ് ഓട്ടോമേഷൻ, പരമ്പരാഗത വിപണികളിൽ ഡിജിറ്റൽ മാർക്കറ്റിംഗിന്റെ സ്വാധീനം, പ്രാക്ടിക്കൽ സെഷനുകൾ തുടങ്ങിയ നിരവധി വിഷയങ്ങളാണ് പരിശീലനത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. 2,950 രൂപയാണ് 3 ദിവസത്തെ പരിശീലനത്തിന്റെ ഫീസ് (കോഴ്സ്ഫീ, സർട്ടിഫിക്കേഷൻ, ഭക്ഷണം, താമസം, ജിഎസ് ടി ഉൾപ്പടെ). താമസം ആവശ്യമില്ലാത്തവർക്ക് 1,200 രൂപയാണ് 3 ദിവസത്തെ പരിശീലനത്തിന്റെ ഫീസ്. പട്ടികജാതിപട്ടികവർഗ്ഗ വിഭാഗത്തിൽപെട്ടവർക്ക് 1,800 രൂപ താമസം ഉൾപ്പെടെയും, 800 രൂപ താമസം കൂടാതെയുമാണ് പരിശീലനത്തിന്റെ ഫീസ്. പരിശീലനത്തിൽ പങ്കെടുക്കാൻ താത്പര്യമുള്ളവർ ഓൺലൈനായി http://kied.infot/rainingcalender ൽ മേയ് 18 ന് മുമ്പ് അപേക്ഷ സമർപ്പിക്കണം.. തിരഞ്ഞെടുക്കപ്പെടുന്ന 30 പേർ ഫീസ് അടച്ചാൽ മതി. കൂടുതൽ വിവരങ്ങൾക്ക് ഫോൺ 0484 2532890/0484 2550322/ 9188922800.

# പോളിസിബസാറിന് കൊച്ചിയിൽ പുതിയ ഓഫീസ്

**കൊച്ചി:** ഇന്ത്യയിലെ മുൻനിര ഇൻഷുറൻസ് പ്ലാറ്റ്ഫോമുകളിലൊന്നായപോളിസിബസാർ, വ്യക്തിഗത മുഖാമുഖ സഹായവും പിന്തുണയും വാഗ്ദാനം ചെയ്ത് ഉപഭോക്താക്കളുടെ ഇൻഷുറൻസ് ആവശ്യങ്ങൾ നിറവേറ്റുന്നതിനായി കൊച്ചിയിൽപുതിയ ഓഫീസ് തുറന്നു. ഓൺലൈൻ പോളിസി താരതമ്യങ്ങൾ, ക്ലെയിം പിന്തുണ,സേവന അന്വേഷണങ്ങൾ, പുതുക്കലുകൾ എന്നിവ പോലുള്ള ജോലികൾക്കായി സഹായം വാഗ്ദാനം ചെയ്യുന്നത് ടയർ2, ടയർ3 നഗരങ്ങളിലെ ഭൂരിഭാഗം ഉപഭോക്താക്കളും തങ്ങളുടെ ഇൻഷുറൻസ്സംബന്ധമായ ആശങ്കകൾ പരിഹരിക്കുന്നതിന് ഓൺലൈൻ ഇടപെടലുകൾക്ക് പുറമെഫിസിക്കൽ ഓഫീസുകൾ സന്ദർശിക്കാൻ ഇഷ്ടപ്പെടുന്നു. പോളിസിബസാർ എപ്പോഴുംഉപഭോക്താക്കളുടെ ആവശ്യങ്ങൾ മനസ്സിലാക്കുന്നതിനും അഭിസംബോധനചെയ്യുന്നതിനും മുൻഗണന നൽകുന്നു പോളിസി ബസാർ ഇൻവെസ്റ്റ്മെന്റ്സ് മേധാവി വിവേക് ജെയിൻ പറയുന്നു.സമ്പാദ്യം, ആരോഗ്യം, ടേം ഇൻഷുറൻസ് എന്നിവയുമായി ബന്ധപ്പെട്ടആശങ്കകൾക്കായി ഗാർഹിക, നോൺ റസിഡന്റ് ഇന്ത്യൻ (എൻആർഐ)ഉപഭോക്താക്കൾക്ക് സേവനം നൽകുന്ന 200 പേർ ഓഫീസിൽ ജോലി ചെയ്യുന്നും അവർ വ്യക്തമാക്കി.

# പുതിയ ക്യാംപയിനുമായി വോഗ് ഐവെയർ

**കൊച്ചി:** വൈവിധ്യമാർന്നതും ഫാഷനബിൾ ആയതുമായ കണ്ണടകൾക്ക് പേരുകേട്ട വോഗ് ഐവെയർ, തങ്ങളുടെ ബ്രാൻഡ് അംബാസഡറായ തപ്സി പന്നുവിനെ അവതരിപ്പിക്കുന്ന ഏറ്റവും പുതിയ ക്യാംപയിൻ പ്രഖ്യാപിച്ചു. 'കീപ്പ് പ്ലേയിംഗ്' എന്ന തലക്കെട്ടിലുള്ള ക്യാംപയിൻ, ജീവിതത്തിന്റെ പ്രകാശവും തിളക്കവും സന്തോഷവും നിറഞ്ഞ വശത്തേക്ക് കൂടുതൽ അടുക്കാൻ ഉപഭോക്താക്കളെ ക്ഷണിക്കുന്നു. ബോസ്കോ ഭണ്ഡാർക്കർ സംവിധാനം ചെയ്ത് അനുഷ്ക മേനോൻ ഛായാഗ്രഹണം നടത്തിയ ക്യാംപയിന് പിന്നിലെ ക്രിയേറ്റീവ് ഏജൻസി ബ്രാൻഡ് മൂവേഴ്സ് ഇന്ത്യയാണ്. രാജ്യത്തുടനീളമുള്ള പ്രേക്ഷകർക്കായി സോഷ്യൽ, ഡിജിറ്റൽ, ഒഒഎച്ച്, പ്രിന്റ് തുടങ്ങിയ ചാനലുകളിലുടനീളം സംയോജിത മാർക്കറ്റിംഗ് ക്യാംപയിൻ ഉടനെ ആരംഭിക്കും.വോഗ് ഐവെയർ സ്റ്റൈലുകളുടെ ഏറ്റവും പുതിയ ശേഖരം ടൈറ്റൻ ഐപ്ലസ്, ആമസോൺ ഇന്ത്യ, അജിയോ, നൈകാ, ടാറ്റാക്ലിക്ക്, സൺഗ്ലാസ് ഹട്ട് എന്നിവയുടെ എ



ല്ലാ മുൻനിര സ്റ്റോറുകളിലും ഓൺലൈൻ പ്ലാറ്റ്ഫോമുകളിലും 3000 രൂപ മുതൽ ലഭ്യമാണെന്ന് കമ്പനി അധികൃതർ അറിയിച്ചു.

# വിതരണശൃംഖല വിപുലമാക്കാൻ ഗ്രോവിംഗ്ടൺ വെഞ്ചേഴ്സ്

**കൊച്ചി:** ഇകൊമേഴ്സ്, ഹോസ്പിറ്റാലിറ്റി, പഴവർഗങ്ങളുടെ ഇറക്കുമതി യുടെയും രംഗത്തെ പ്രമുഖരായ ഗ്രോവിംഗ്ടൺ വെഞ്ചേഴ്സ് ഇന്ത്യ ലിമിറ്റഡ്പ്രവർത്തനം ശക്തമാക്കുന്നു. പഴവർഗങ്ങളുടെ കോർപ്പറേറ്റ് മേഖലയിലെ വിതരണശൃംഖല വിപുലമാക്കുന്നതിനായി തുർക്കി, വിയറ്റ്നാം, ദക്ഷിണാഫ്രിക്ക, ഗ്രീസ്, ചിലി തുടങ്ങിയ രാജ്യങ്ങളിലെ ഫാമുകളിൽ നിന്ന് പഴങ്ങൾ സംഭരിച്ച്പാൻ ഇന്ത്യ മാർക്കറ്റിൽ കമ്പനി കൂടുതലായി ശ്രദ്ധ പതിപ്പിക്കും. അന്താരാഷ്ട്ര നിലവാരമുള്ള പാക്കേജിംഗിനൊപ്പം ഗുണനിലവാര പരിശോധനയും വഴി ഉപഭോക്താക്കൾക്ക് ഗുണനിലവാരമുള്ള പഴങ്ങൾ എത്തിക്കുന്നതിനുള്ള ദ്രുത ലോജിസ്റ്റിക് സൗകര്യവും കമ്പനി വികസിപ്പിച്ചിട്ടുണ്ട്. ഇതിനായി ഗ്രോവിംഗ്ടൺ വെഞ്ചേഴ്സ് 'ഗ്രോഫാമിയോ' എന്ന പേരിൽ ബ്രാൻഡ് സ്ഥാപിച്ചു. റിലയൻസ്, ബിഗ് ബാസ്ക്കറ്റ്, ഗോദ്റെജ് ഫ്രെഷ്, മോർ, ആമസോൺ തുടങ്ങിയ കമ്പനികളുടെ വിതരണ ശൃംഖലാ പങ്കാളിത്തത്തിനും കമ്പനിക്ക് പദ്ധതിയുണ്ട്.

GROWINGTON™
VENTURES INDIA LIMITED
ONE STEP AHEAD



# അവ്ഫിസ് സ്പെയ്സ് സൊലൂഷൻസ് ഐപിഒ മെയ് 22 മുതൽ

**കൊച്ചി:** രാജ്യത്തെ ഏറ്റവും വലിയ വർക്ക്സ്പേസ് സൊല്യൂഷൻസ് കമ്പനിയായ അവ്ഫിസ് സ്പെയ്സ് സൊലൂഷൻസ് ലിമിറ്റഡിന്റെ പ്രാഥമിക ഓഹരി വിൽപന (ഐപിഒ) 2024 മെയ് 22 മുതൽ 27 വരെ നടക്കും. 128 കോടി രൂപയുടെ പുതിയ ഇക്വിറ്റി ഓഹരികളും പ്രമോട്ടർമാരുടെയും നിലവിലുള്ള ഓഹരി ഉടമകളുടെയും 12,295,699 ഇക്വിറ്റി ഓഹരികളുടെ ഓഫർ ഫോർ സെയിലുമാണ് ഐപിഒയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.പത്ത് രൂപ മുഖവിലയുള്ള ഓഹരി ഒന്നിന് 364 രൂപ മുതൽ 383 രൂപവരെയാണ് പ്രൈസ് ബാൻഡ് നിശ്ചയിച്ചിരിക്കുന്നത്. കുറഞ്ഞത് 39 ഇക്വിറ്റി ഓഹരികൾക്കും തുടർന്ന് 39 ന്റെ ഗുണിതങ്ങൾക്കും അപേക്ഷിക്കാം. ഓഹരികൾ എൻഎസ്ഇയിലും ബിഎസ്ഇയിലും ലിസ്റ്റ് ചെയ്യും.ഐസിഐസിഐ സെക്യൂരിറ്റീസ് ലിമിറ്റഡ്, ആക്സിസ് ക്യാപിറ്റൽ ലിമിറ്റഡ്, ഐഐഎഫ്എൽ സെക്യൂരിറ്റീസ് ലിമിറ്റഡ്, എംകെ ഗ്ലോബൽ ഫിനാൻഷ്യൽ സർവീസസ് ലിമിറ്റഡ് എന്നിവരാണ് ഐപിഒയുടെ ബുക്ക് റണ്ണിങ് ലീഡ് മാനേജർമാർ.

# ഐ.എച്ച്.ആർ.ഡി: പതിനൊന്നാം സ്റ്റാന്റേർഡ് പ്രവേശനം

**തിരുവനന്തപുരം:** ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹ്യൂമൻ റിസോഴ്സസ് ഡെവലപ്മെന്റിന്റെ നിയന്ത്രണത്തിലുള്ള ടെക്നിക്കൽ ഹയർ സെക്കന്ററി സ്കൂളുകളിൽ 202425 അദ്ധ്യയനവർഷത്തിൽ പതിനൊന്നാം സ്റ്റാന്റേർഡ് പ്രവേശനത്തിന് അപേക്ഷ ക്ഷണിച്ചു. വേേ.ശവൃറ.മര.ശി മുഖേന ഓൺലൈൻ ആയും അതാത് സ്കൂളുകളിൽ നേരിട്ടെത്തി ഓഫ് ലൈൻ ആയും അപേക്ഷ സമർപ്പിക്കാം. ഓൺലൈൻ മുഖേന അപേക്ഷകൾ മേയ് 28ന് വൈകിട്ട് 5 വരെ സ്വീകരിക്കും. രജിസ്ട്രേഷൻ ഫീസായ 110 രൂപ (എസ്.സി/ എസ്.റ്റി വിദ്യാർഥികൾക്ക് 55 രൂപ) ഓൺലൈനായി അതാത് സ്കൂളുകളുടെ ബാങ്ക് അക്കൗണ്ട് മുഖേനയും സ്കൂൾ ക്യാഷ് കൗണ്ടറിൽ നേരിട്ടും അടയ്ക്കാം. ഓൺലൈനായി അപേക്ഷിക്കുന്നവർ രജിസ്ട്രേഷൻ ഫീസ് അടച്ചതിന് ശേഷം അതിന്റെ വിശദവിവരം വേേ.ശവൃറ.മര.ശി ലെ ലിങ്കിൽ നൽകണം.ഓഫ് ലൈനായി അപേക്ഷിക്കുന്നവർ അപേക്ഷയും അനുബന്ധരേഖകളും രജിസ്ട്രേഷൻ ഫീസും സഹിതം (രജിസ്ട്രേഷൻ ഫീസ് അതാത് പ്രിൻസിപ്പാൾമാരുടെ പേരിലെടുത്ത ഡിമാന്റ് ഡ്രാഫ്റ്റായും സ്കൂൾ ക്യാഷ് കൗണ്ടറിലും അടയ്ക്കാവുന്നതാണ്) 28ന് വൈകുന്നേരം 4 മണിക്ക് മുമ്പ് ബന്ധപ്പെട്ട സ്കൂളുകളിൽ സമർപ്പിക്കണം.

# പ്രോജക്ട് അസിസ്റ്റന്റ് ഒഴിവ്

**തിരുവനന്തപുരം:** തിരുവനന്തപുരം സർക്കാർ വനിതാ കോളജിലെ സെൻട്രലൈസ്ഡ് കോമൺ ഇൻസ്ട്രുമെന്റേഷൻ ഫെസിലിറ്റി (ഇളകഎ) കേന്ദ്രത്തിൽ ഒരു പ്രോജക്ട് അസിസ്റ്റന്റ് തസ്തിക ഒഴിവുണ്ട്. ഇത് ഒരു വർഷത്തേക്കുള്ള കരാർ തസ്തികയാണ്. പ്രോജക്ട് അസിസ്റ്റന്റ് ഫെലോഷിപ്പായി പ്രതിമാസം 22,000 രൂപ ഏകീകൃത തുകയായി നൽകും. യോഗ്യത: അപേക്ഷകർ കെമിസ്ട്രിയിലോ ഫിസിക്സിലോ 60 ശതമാനമോ അതിൽ കൂടുതലോ മാർക്കോടെ ബിരുദാനന്തര ബിരുദം നേടിയിരിക്കണം. അനിലിറ്റിക്കൽ ഉപകരണങ്ങൾ കൈകാര്യം ചെയ്യുന്നതിൽ മുൻ പരിചയമുള്ള ഉദ്യോഗാർത്ഥികൾക്ക് മുൻഗണന നൽകും. എൻ.എം.ആർ സ്പെക്ട്രോ മീറ്റർ, സ്പെക്ട്രോ ഫ്ലൂറോ മീറ്റർ, ഐ.ആർ സ്പെക്ട്രോ മീറ്റർ, യു.വിവിസിബിൾ സ്പെക്ട്രോ മീറ്റർ ആന്റ് ബി.ഇ.റ്റി അനലൈസർ തുടങ്ങിയ അത്യാധുനിക ഉപകരണങ്ങളുടെ പ്രവർത്തനവും പരിപാലനവും ചുമതലകളിൽ ഉൾപ്പെടുന്നു. 2024 ജൂൺ 5ന് രാവിലെ 10.30ന് കോളജിൽ നടക്കുന്ന അഭിമുഖത്തിന് അസൽ സർട്ടിഫിക്കറ്റുകൾ സഹിതം അപേക്ഷകർ നേരിട്ട് ഹാജരാകേണ്ടതാണ്.

# ഗസ്റ്റ് അധ്യാപക അഭിമുഖം

**തിരുവനന്തപുരം:** തിരുവനന്തപുരം സർക്കാർ വനിതാ കോളേജിൽ വിവിധ പഠന വിഭാഗങ്ങളിലേക്കുള്ള 202425 അദ്ധ്യയന വർഷത്തേക്കുള്ള ഗസ്റ്റ് അധ്യാപക നിയമനത്തിനായുള്ള അഭിമുഖം നടക്കും. സംസ്കൃതം 2024 മേയ് 23, രാവിലെ 11.30, കമ്പ്യൂട്ടർ സയൻസ് 2024 മേയ് 29, രാവിലെ 11, അറബിക് 2024 മേയ് 23, രാവിലെ 10.30 എന്നതാണ് സമയക്രമം. കോളേജ് വിദ്യാഭ്യാസ വകുപ്പ് ഡെപ്യൂട്ടി ഡയറക്ടർമാരുടെ മേഖലാ ഓഫീസുകളിൽ ഗസ്റ്റ് ലക്ചറർമാരുടെ പാനലിൽ പേര് രജിസ്റ്റർ ചെയ്തിട്ടുള്ള ഉദ്യോഗാർഥികൾ മാത്രം യോഗ്യത, ജനനത്തീയതി, മുൻപരിചയം ഇവ തെളിയിക്കുന്നതിനുള്ള അസ്സൽ സർട്ടിഫിക്കറ്റുകൾ, മേഖലാ ഓഫീസിൽ രജിസ്റ്റർ ചെയ്തത് തെളിയിക്കുന്നതിനുള്ള രേഖകൾ എന്നിവ സഹിതം മേൽ പരാമർശിച്ചിരിക്കുന്ന സമയക്രമം അനുസരിച്ച് അഭിമുഖത്തിന് നേരിട്ട് ഹാജരാകേണ്ടതാണ്.

## നാലുവർഷ ബിരുദം

# ലോകോത്തര നിലവാരത്തിലുള്ള വിദ്യാഭ്യാസം ലക്ഷ്യം: മന്ത്രി ഡോ. ബിന്ദു



**തിരുവനന്തപുരം:** വിദ്യാർത്ഥികൾക്ക് ലോകോത്തര നിലവാരത്തിലുള്ള വിദ്യാഭ്യാസം നൽകുക എന്ന സർക്കാർ ലക്ഷ്യത്തിന്റെ ഭാഗമായാണ് നാലുവർഷ ബിരുദ പരിപാടിയെന്ന് ഉന്നതവിദ്യാഭ്യാസസാമൂഹ്യനീതി മന്ത്രി ഡോ.ആർ. ബിന്ദു പറഞ്ഞു. സംസ്ഥാനത്തെ കോളേജുകളിൽ ഈ വർഷം മുതൽ നടപ്പിലാക്കുന്ന നാലുവർഷ ബിരുദം സംബന്ധിച്ച് പൊതുജനങ്ങൾക്കും പ്ലസ് ടു പഠനം പൂർത്തിയാക്കിയ വിദ്യാർത്ഥികൾക്കും അവബോധം നൽകാനായി സംഘടിപ്പിച്ച ഓറിയന്റേഷൻ പരിപാടിയുടെ സംസ്ഥാനതല ഉദ്ഘാടനം തിരുവനന്തപുരത്ത് നിർവ്വഹിക്കുകയായിരുന്നു മന്ത്രി.പ്രവർത്ത്യുന്മുഖ വിദ്യാഭ്യാസത്തിന് പ്രാമുഖ്യം നൽകുക എന്ന ലക്ഷ്യത്തോടെയാണ് ഉന്നതവിദ്യാഭ്യാസരംഗത്ത് മാറ്റങ്ങൾ നടപ്പാക്കുന്നതെന്ന് മന്ത്രി ബിന്ദു പറഞ്ഞു. താൽപര്യമുള്ള വിഷയങ്ങൾ തെരഞ്ഞെടുക്കാൻ വിദ്യാർത്ഥികൾക്ക് അവസരം നൽകുന്ന തരത്തിലാണ് നാലുവർഷ ബിരുദ പരിപാടി തയ്യാറാക്കിയിരിക്കുന്നത്.തൊഴിലും വിദ്യാഭ്യാസവും തമ്മിലുള്ള വിടവ് നികത്തുന്നതിന് നാലുവർഷ ബിരുദ പരിപാടി ഏറെ സഹായകരമാകും. അതിനായി നൈപുണ്യവികസനം പ്രത്യേക അജണ്ടയായി മാറ്റിയിട്ടുണ്ട് . നൈപുണ്യവികസനത്തിന് ക്രെഡിറ്റ് അനുവദിക്കാനും തീരുമാനിച്ചിട്ടുണ്ട്. കലാലയങ്ങളിൽ നൈപുണി വികസന സെന്ററുകൾ ഇതോടൊപ്പം ആരംഭിക്കുമെന്നും സംവാദാത്മകമായ ക്ലാസ്സ് മുറികൾ ഉണ്ടാകണമെന്നും മന്ത്രി ഡോ. ആർ ബിന്ദു പറഞ്ഞു. ഉന്നതവിദ്യാഭ്യാസ കൗൺസിൽ പ്രതിനിധികളും പരിപാടിയിൽ പങ്കെടുത്തു.

## ഓപ്പറേഷൻ ബ്രേക്ക്ത്രൂ

# പ്രവർത്തന പുരോഗതി വിലയിരുത്തി

**മുല്ലശേരി കനാൽകാരക്കാമുറി ക്രോസ് റോഡ്, അംബേദ്കർ സ്റ്റേഡിയത്തിന് പിൻ വശം, കമ്മട്ടിപ്പാടം, സീനത്തോട്, തേവര പേരണ്ടൂർ കനാൽ, നേവി സ്റ്റോർ ഡിപ്പോ തുടങ്ങിയ പ്രദേശങ്ങളാണ് സംഘം സന്ദർശിച്ചത്**



**കൊച്ചി:** കൊച്ചി നഗരത്തിലെ വെള്ളക്കെട്ട് ഒഴിവാക്കുന്നതിനായി നടപ്പാക്കുന്ന ഓപ്പറേഷൻ ബ്രേക്ക് ത്രൂ പദ്ധതിയുടെ പ്രവർത്തന പുരോഗതി വിലയിരുത്താൻ ജില്ലാ കളക്ടർ എൻ. എസ്.കെ ഉമേഷിന്റെ നേതൃത്വത്തിലുള്ള സംഘം നഗരത്തിലെ വിവിധ പ്രദേശങ്ങൾ സന്ദർശിച്ചു. അമിക്കസ്ക്യൂറി അഡ്വ. ഗോവിന്ദ് പത്മനാഭൻ,കൊച്ചി കോർപ്പറേഷൻ സെക്രട്ടറി വി.ചെൽസാ സിനി, ദുരന്തനിവാരണം ഡെപ്യൂട്ടി കളക്ടർ വി.ഇ അബ്ബാസ് തുടങ്ങിയവരും സംഘത്തിലുണ്ടായിരുന്നു. ഓപ്പറേഷൻ ബ്രേക്ക് ത്രൂ പ്രവർത്തനങ്ങൾ പുരോഗമിക്കുന്ന മുല്ലശേരി കനാൽകാരക്കാമുറി ക്രോസ് റോഡ്, അംബേദ്കർ സ്റ്റേഡിയത്തിന് പിൻ വശം, കമ്മട്ടിപ്പാടം, സീനത്തോട്, തേവര പേരണ്ടൂർ കനാൽ, നേവി സ്റ്റോർ ഡിപ്പോ തുടങ്ങിയ പ്രദേശങ്ങളാണ് സംഘം സന്ദർശിച്ചത്. മഴക്കാലത്തിന് മുന്നോടിയായി നഗരത്തിൽ വെള്ളക്കെട്ട് ഒഴിവാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ഊർജിതമായി പുരോഗമിക്കുക യാണെന്ന് ജില്ലാ കളക്ടർ അറിയിച്ചു. ഇറിഗേഷൻ, വാട്ടർ അതോറിറ്റി ഉദ്യോഗസ്ഥരും സംഘത്തിലുണ്ടായിരുന്നു.

# പുതിയ റഫ്രിജറേറ്ററുകൾ അവതരിപ്പിച്ച് സാംസങ്ങ്

**കൊച്ചി:** സാംസങ്ങ് പുതിയ മൂന്ന് റഫ്രിജറേറ്ററുകൾ അവതരിപ്പിച്ചു. ഉപഭോക്താക്കളുടെ തിരഞ്ഞെടുപ്പുകൾ ഇഷ്ടാനുസൃതമാക്കാൻ സഹായിക്കുന്നതിലൂടെ മികച്ച ജീവിതം ഉറപ്പാക്കാൻ ലക്ഷ്യമിട്ടാണ് ആർട്ടിഫിഷ്യൽ ഇന്റലിജൻസിന്റെ അടുത്ത തലമുറ പവർ ഇൻവെർട്ടർ കംപ്രസർ ഫീച്ചറുകളടങ്ങിയ റഫ്രിജറേറ്ററുകൾ സാംസങ്ങ് അവതരിപ്പിച്ചിരിക്കുന്നതെന്ന് സാംസങ്ങ് ഇന്ത്യ ഡിജിറ്റൽ അപ്ലയൻസസ് സീനിയർ ഡയറക്ടർ സൗരഭ് ബൈശാഖിയ പറഞ്ഞു. സാംസങ്ങിന്റെ പുതിയ റഫ്രിജറേറ്ററുകളുടെ ഹൃദയമായ എ.ഐ ഇൻവെർട്ടർ കംപ്രസർ മോട്ടോർ എനർജി എഫിഷ്യൻസി ഉറപ്പാക്കി പരമ്പരാഗത ഡിസൈൻ പരിവർത്തനം ചെയ്ത്കൊണ്ട് വൈദ്യുതി ലാഭിക്കുകയും ചെയ്യുന്നു.27 വർഷം മുമ്പ് അവതരിപ്പിച്ച് ആദ്യ കംപ്രസറിൽ നിന്ന് വിപ്ലവകരമായ മാറ്റം അടയാളപ്പെടുത്തിക്കൊണ്ടാണ് സാംസങ്ങിന്റെ എട്ടാം തലമുറ കംപ്രസർ എ.ഐയെ മുന്നിലേക്ക് കൊണ്ടുവരുന്നത്. ഈ വിഭാഗത്തിലെ ഏറ്റവും മികച്ച രീതിയിൽ 20 വർഷത്തെ വാറന്റിയോടെയാണ് എ.ഐ ഇൻവെർട്ടർ കംപ്രസർ വരുന്നത്. ഇത് ദീർഘകാല പ്രകടനവും ഊർജ്ജ കാര്യക്ഷമതയും ഉറപ്പാക്കുന്നു. പുതിയ എ.ഐ റഫ്രിജറേറ്ററുകൾ മൂന്ന് മോഡലുകളിലായാണ് വരുന്നത്. ക്ലീൻ ചാർകോൾ + സ്റ്റെയിൻലെസ് സ്റ്റീൽ നിറത്തിൽ വരുന്ന 809എൽ ഫോർ ഡോർ ഫ്ളെക്സ് ഫ്രഞ്ച് ഡോർ ബെസ്പോക് ഫാമിലി ഹബ് റഫ്രിജറേറ്റർ, ക്ലീൻ വൈറ്റ് ഗ്ലാസ് ഫിനിഷിലും ബ്ലാക്ക് കാവിയാർ സ്റ്റീൽ ഫിനിഷിലും വരുന്ന 650എൽ ഫോർ ഡോർ കൺവെർട്ടബിൾ ഫ്രഞ്ച് ഡോർ മോഡലുകളും. ബിസ്പോക് എ.ഐ ഉപയോഗിച്ച് സാംസങ്ങ് ഗാർഹിക ഉപകരണങ്ങളുടെ ഒരു പുതുയുഗത്തിലേക്ക് പ്രവേശിക്കുകയാണെന്നും സൗരഭ് ബൈശാഖിയ പറഞ്ഞു. അസാധാരണ പ്രകടനമാണ് ഉന്നതശേഷിയുള്ള എ.ഐ ഇൻവെർട്ടർ കംപ്ലസറുകളടങ്ങിയ റഫ്രിജറേറ്ററുകൾ വാഗ്ദാനം ചെയ്യുന്നത്. എ.ഐ എനർജി മോഡ് ഉപയോഗിക്കുന്നതിലൂടെ, ഉപഭോക്താക്കൾക്ക് 10 ശതമാനം വരെ ഊർജ്ജ ലാഭം നേടാനാകും. എ.ഐ ഇൻവെർട്ടർ കംപ്രസറുകളും അനുബന്ധ സാങ്കേതികവിദ്യകളും വികസിപ്പിക്കുന്നതിൽ സാംസങ്ങ് പ്രതിജ്ഞാബദ്ധമാണെന്നും ഞങ്ങളുടെ റഫ്രിജറേറ്ററുകൾ ദീർഘകാല വിശ്വാസ്യതയും കുറഞ്ഞ ഊർജ്ജ ഉപയോഗവും പ്രദാനം ചെയ്യുന്നെന്ന് ഉറപ്പാക്കുന്നുണ്ടെന്നും അദ്ദേഹം പറഞ്ഞു.



# മീഡിയ അക്കാദമിയിൽ സ്പോട്ട് അഡ്മിഷൻ

**കൊച്ചി:** കേരള മീഡിയ അക്കാദമി കൊച്ചി കാക്കനാട് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കമ്യൂണിക്കേഷനിലെ വീഡിയോ എഡിറ്റിംഗ് കോഴ്സിന്റെ ജനറൽ വിഭാഗത്തിൽ ഒഴിവുള്ള ഏതാനും സീറ്റുകളിലേക്ക് മേയ് 27 തിങ്കളാഴ്ച സ്പോട്ട് അഡ്മിഷൻ നടത്തുന്നു. 34,500 രൂപയാണ് കോഴ്സ് ഫീസ്. പ്രായപരിധി 30 വയസ്സ്. പ്ലസ്ടുവാണ് അടിസ്ഥാന യോഗ്യത. ജനറൽ വിഭാഗത്തിന് അപേക്ഷാഫീസ് 300രൂപ. വിശദവിവരങ്ങൾക്ക് വിളിക്കേണ്ട നമ്പർ: 04842422275, 9447607073. വെബ്സൈറ്റ്: www.keralamediaacademy.org

# കെൽട്രോൺ നോളജ് സെന്ററിൽ പ്രൊഫഷണൽ കോഴ്സുകൾ

**തിരുവനന്തപുരം:** കേരള ഗവൺമെന്റ് സ്ഥാപനമായ കേരള സ്റ്റേറ്റ് ഇലക്ട്രോണിക്സ് ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ് (കെൽട്രോൺ) കേരളത്തിലുടനീളമുള്ള നോളജ് സെന്ററുകളിലൂടെ നടത്തുന്ന പ്രൊഫഷണൽ ഡിപ്ലോമ ഇൻ ലോജിസ്റ്റിക്സ് ആന്റ് സപ്ലൈ ചെയിൻ മാനേജ്മെന്റ്, ഡിപ്ലോമ ഇൻ ഹോസ്പിറ്റൽ അഡ്മിനിസ്ട്രേഷൻ എന്നീ കോഴ്സുകൾക്ക് പ്ലസ് ടു, വി എച്ച് എസ് ഇ, ഡിപ്ലോമ, ഡിഗ്രിയോ, അതിൽ കൂടുതലോ യോഗ്യത ഉള്ളവർക്ക് ഇപ്പോൾ അപേക്ഷിക്കാം. കേരളത്തിലെ വിവിധ ജില്ലകളിൽ പഠന കേന്ദ്രങ്ങൾ ലഭ്യമാണ്. ഉയർന്ന തൊഴിൽ സാധ്യതയുള്ള ഈ കോഴ്സുകൾക്ക് ഓരോ ബാച്ചിലും 30 വീതം വിദ്യാർത്ഥികൾക്കാണ് അവസരം. കൂടുതൽ വിവരങ്ങൾക്കും അപേക്ഷാ ഫോമിനും എറണാകുളം. കലൂർ, എം ഇ എസ് ബിൽഡിങ്ങിലുള്ള കെൽട്രോൺ പഠന കേന്ദ്രം നേരിട്ട് സന്ദർശിക്കുകയോ, ഹെൽപ് ലൈൻ നമ്പറുകളിൽ വിളിച്ച് രജിസ്ട്രേഷൻ പൂർത്തീകരിക്കുകയോ ചെയ്യുക. 9526593830, 04842971400.

# അപേക്ഷ ക്ഷണിച്ചു

**കൊച്ചി:** കേരള സർക്കാർ സ്ഥാപനമായ കണ്ണൂർ തോട്ടയിലെ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹാൻഡ്‌ലൂം ടെക്നോളജിയുടെ കീഴിലുള്ള കോളേജ് ഫോർ കോസ്റ്റ്യൂം ആന്റ് ഫാഷൻ ഡിസൈനിംഗ് കണ്ണൂർ യൂണിവേഴ്സിറ്റിയിൽ അഫിലിയേറ്റ് ചെയ്ത് നടത്തി വരുന്ന ബി.എസ്.സി. കോസ്റ്റ്യൂം ആന്റ് ഫാഷൻ ഡിസൈനിംഗ്, ബി.എസ്.സി ഇന്റീരിയർ ഡിസൈനിംഗ് ആന്റ് ഫർണിഷിംഗ് എന്നീ കോഴ്സുകളിലേക്ക് അപേക്ഷകൾ ക്ഷണിച്ചു. കണ്ണൂർ യൂണിവേഴ്സിറ്റിയുടെ www.admission. kannuruniverstiy.ac.in എന്ന സിങ്കിൾ വിൻഡോ വെബ്സൈറ്റിലൂടെ അപേക്ഷിക്കാം. മാനേജ്മെന്റ് ക്വാട്ടയിൽ അപേക്ഷിക്കുവാൻ താത്പര്യമുള്ളവർ ഓഫീസുമായി ബന്ധപ്പെടേണ്ടതാണ്. അപേക്ഷകർ പ്ലസ്ടു പാസ്സായിരിക്കണം. അപേക്ഷകൾ സ്വീകരിക്കുന്ന അവസാന തീയതി മേയ് 31. കൂടുതൽ വിവരങ്ങൾക്ക് ഫോൺ 0497 2835390, 8281574390.

## തൈറോയ്ഡ്:

# നൂതന ചികിത്സയുമായി അപ്പോളോ അഡ്‌ലക്സ്

**കൊച്ചി:** തൈറോയ്ഡ് ഗ്രന്ഥി നെഞ്ചിനുള്ളിലേക്ക് വളർന്ന് ശ്വാസമെടുക്കാനാകാതെ ഗുരുതരാവസ്ഥയിലായിരുന്ന 65വയസ്സുകാരിയിൽ നൂതന ചികിത്സയുമായി അങ്കമാലി അപ്പോളോ അഡ്‌ലക്സ് ആശുപത്രി. എൻഡോക്രൈൻ സർജറി കൺസൾട്ടന്റ് ഡോ. ജെ. ഫെർഡിനന്റിന്റെ നേതൃത്വത്തിൽ നടത്തിയ തൈറോയ്ഡ് ശസ്ത്രക്രിയയിലൂടെയാണ് ഈ ഗുരുതരാവസ്ഥ ഭേദമാക്കിയത്. റിട്രോസ്റ്റേണൽ ഗോയിറ്റർ എന്ന ഈ അപൂർവ്വവും സങ്കീർണ്ണവുമായ അവസ്ഥയെ ഫലപ്രദമായി ചികിത്സിക്കാൻ വൈദഗ്ധ്യവും പ്രാഗത്ഭ്യവും ആവശ്യമാണെന്ന് ഡോ. ജെ. ഫെർഡിനന്റ് പറഞ്ഞു.നെഞ്ചിന നടുവിലായുള്ള സ്റ്റെർനത്തിന് പിന്നിലെ തൊറാസിക് അറയിലേക്ക് തൈറോയ്ഡ് ടിഷ്യൂ വ്യാപിക്കുന്ന അവസ്ഥയാണ് റിട്രോസ്ടെർണൽ ഗോയിറ്റർ. അത്യാധുനിക സാങ്കേതികവിദ്യകൾ ഉപയോഗിച്ചു കൃത്യതയോടെയോടെയാണ് മെഡിക്കൽ സംഘം ശസ്ത്രക്രിയ പൂർത്തിയാക്കിയത്.തൈറോയിഡ് വളർന്ന് ശ്വാസനാളത്തിനും അന്നനാളത്തിനും അടുത്തെത്തിയതിനാൽ വിശദമായ പ്രീ ഓപ്പറേറ്റീവ് വിലയിരുത്തലുകളും വിപുലമായ ഇമേജിങ്ങും നടത്തിയതിന് ശേഷമായിരുന്നു ശസ്ത്രക്രിയ. സ്റ്റെർനോടമിക്ക് പകരം (മുറിവുണ്ടാക്കി ഹൃദയത്തിലോ സമീപത്തുള്ള അവയവങ്ങളിലോ രക്തക്കുഴലുകളിലോ ശസ്ത്രക്രിയ നടത്തുന്ന രീതി) അത്യാധുനിക ചികിത്സാരീതിയായ മിനിമലി ഇൻവേസിവ് രീതി ഉപയോഗിച്ചതിനാൽ വലിയ മുറിവുകളുണ്ടാക്കാതെ രോഗിയുടെ ആശുപത്രി വാസം കുറയ്ക്കാനും സാധിച്ചു.ഈ നൂതന ചികിത്സാരീതി സമാന രോഗാവസ്ഥയുള്ളവർക്ക് പ്രതീക്ഷ നൽകുന്നതാണെന്ന് ഡോ. ജെ. ഫെർഡിനന്റ് പറഞ്ഞു. എൻഡോക്രൈൻ ശസ്ത്രക്രിയയിലെ ഈ നേട്ടം അപ്പോളോ അഡ്‌ലക്സ് ആശുപത്രിക്കും മുഴുവൻ ജീവനക്കാർക്കും അഭിമാനം നൽകുന്നതാണെന്നും രോഗീപരിചരണത്തിൽ തങ്ങൾ എന്നും പ്രതിജ്ഞാബദ്ധരാണെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

# സ്വാശ്രയ കർഷക സമിതികൾ വഴി പച്ചത്തേങ്ങ സംഭരിക്കും

**പാലക്കാട്:** വെജിറ്റബിൾ ആൻഡ് ഫ്രൂട്ട് പ്രമോഷൻ കൗൺസിലിന്റെ അഗളി, കടമ്പഴിപ്പുറം, കാഞ്ഞിരപ്പുഴ, കോട്ടോപ്പാടം, കരിമ്പുഴ, കോട്ടായി, മലമ്പുഴ, പെരുമാട്ടി, പുതുപ്പരിയാരം, വടകരപതി, വാണിയംകുളം, വിയ്യകുറിശ്ശി എന്നീ സ്വാശ്രയ കർഷക സമിതികൾ വഴി കൊപ്രയുടെ താങ്ങുവില പദ്ധതി പ്രകാരം കർഷകരിൽ നിന്നും പച്ചത്തേങ്ങ സംഭരിച്ച് കൊപ്രയാക്കി നാഫെഡിന് കൈമാറും. സംഭരണവുമായി ബന്ധപ്പെട്ട് നാഫെഡിന്റെ ഇസമൃദ്ധി പോർട്ടലിൽ രജിസ്റ്റർ ചെയ്ത കർഷകർക്കേ താങ്ങുവില പ്രകാരം ആനുകൂല്യം ലഭിക്കു. ഇതിലേക്കായി കർഷകരുടെ ആധാർ കാർഡ്, ബാങ്ക് പാസ് ബുക്ക്, ഭൂനികുതി രസീത് എന്നിവയുടെ പകർപ്പ്, കൃഷി ഓഫീസറുടെ സർട്ടിഫിക്കറ്റ് എന്നിവ കർഷകർ ഹാജരാക്കണം. സ്വാശ്രയ കർഷക സമിതികളിൽ കൊപ്ര ആക്കുന്നതിനു വേണ്ടി പച്ചത്തേങ്ങ നൽകുന്ന കർഷകന് ഒരു കിലോഗ്രാം പച്ചത്തേങ്ങക്ക് 30.132 രൂപ സ്റ്റേറ്റ് ലെവൽ ഏജൻസികൾ കർഷകരുടെ അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്യും. 3.868 രൂപ കർഷകരുടെ അക്കൗണ്ടിലേക്ക് ഈ പോർട്ടൽ മുഖേനയും ലഭിക്കും. കൂടുതൽ വിവരങ്ങൾക്ക് അടുത്തുള്ള കൃഷിഭവനുമായോ വി.എഫ്.പി.സി.കെ കർഷക സമിതി ഉദ്യോഗസ്ഥരുമായോ ബന്ധപ്പെടാമെന്ന് പ്രിൻസിപ്പൽ കൃഷി ഓഫീസർ അറിയിച്ചു. ഫോൺ: 0491 2505075.



# ഹോട്ടൽടെക് പ്രദർശനത്തിന് ഇന്ന് സമാപനം

**മേളയ്ക്ക് സമാന്തരമായി കേരളാ കലിനറി ചലഞ്ച് (കെസിസി), ഹൗസ്കീപ്പേഴ്സ് ചലഞ്ച് (എച്ച്കെസി) എന്നീ മത്സരങ്ങളും ആദ്യരണ്ടു ദിവസങ്ങളിൽ അരങ്ങേറി**



**കൊച്ചി:** സംസ്ഥാനത്തെ ആതിഥേയ വ്യവസായ മേഖലയിലെ ഹോട്ടലുകൾക്കും റിസോർട്ടുകൾക്കും ആവശ്യമായ ഉൽപ്പന്നങ്ങളും സേവനങ്ങളും അവതരിപ്പിക്കുന്ന പ്രമുഖ വാർഷിക പ്രദർശനമായ ഹോട്ടൽടെക് കേരളയുടെ 14ാമത് പതിപ്പ് ഇന്ന് കൊച്ചി ബോൾഗാട്ടി പാലസ് ഇവന്റ് സെന്ററിൽ സമാപിക്കും.ഹൊറേക്ക എന്ന ചുരുക്കപ്പേരില റിയപ്പെടുന്ന ഹോട്ടൽസ്/റിസോർട്ട്സ്, റെസ്റ്റോറന്റ്സ്, കേറ്ററിംഗ് മേഖലകൾക്കാവശ്യമായ ഭക്ഷ്യോൽപ്പന്നങ്ങൾ, ചേരുവകൾ, ഹോട്ടൽ ഉപകരണങ്ങൾ, ലിനൻ ആൻഡ് ഫർണിഷിംഗ്, ഹോട്ടൽവെയർ, ടേബ്ൾവെയർ വാണിജ്യ അടുക്കള ഉപകരണങ്ങൾ തുടങ്ങിയവയുമായി 60ലേറെ പ്രദർശകർ ഹോട്ടൽടെകിൽ പങ്കെടുക്കുന്നുണ്ട്. തായ്, പ്രാദേശിക തീരദേശ ക്യൂസിൻ, ഡിസ്സേർട്ടുകൾ, ഇറ്റാലിയൻ വിഭവങ്ങൾ, സസ്യാധിഷ്ഠിത വിഭവങ്ങൾ, പാസ്ത, ചോക്കലേറ്റുകൾ തുടങ്ങിയവ അവതരിപ്പിക്കുന്ന നെസ്ലെ പ്രൊഫഷനലിന്റെ സ്റ്റാളാണ് മേളയുടെ പ്രധാന ആകർഷണങ്ങളിലൊന്ന്. കേരളീയ സ്ഥാപനമായ സ്കൈഫോം മാട്രസസിന്റെ പുതിയ ഉൽപ്പന്നങ്ങളും മേളയുടെ ഭാഗമാണ്. കാലവർഷം ശക്തമാകുമ്പോൾ അതിഥികൾ നനഞ്ഞ കുടയുമായെത്തുമ്പോൾ നനവോടെ തന്നെ കുടകൾ പോളിത്തീൻ കവറിൽ പൊതിഞ്ഞു നൽകുന്ന മെഷീനും ഏറെ കൗതുകമുണർത്തുന്നുണ്ട്. കൊച്ചിയിലെ എസ് ആൻഡ് ഡി ഗ്ലോബ്മേറ്റാണ് ലോബി എന്ന ബ്രാൻഡിലെത്തുന്ന ഈ ഉൽപ്പന്നത്തിന്റെ കേരളത്തിലെ വിതരണക്കാർ. ഡെൽഹിയിൽ നിന്നുള്ള വീനസിന്റെ ടേബ്ൾവെയർ, കട്‌ലറി, ബാങ്കെറ്റ് ഫർണിച്ചർ തുടങ്ങിയ ഉൽപ്പന്നങ്ങൾക്കും അന്വേഷണങ്ങൾ ഏറെയുണ്ട്. ഹോട്ടലുകൾക്കായി പ്രത്യേക പശ ഇല്ലാതെ തന്നെ വളരെ എളുപ്പം ഒട്ടിക്കാവുന്ന എസ്പിസി ഫ്ളോറിംഗ് ടൈലുകൾ വിപണിയിലെത്തിച്ചിരിക്കുന്ന അർഗിൽ ഗ്രൂപ്പിന്റെ സ്റ്റാളും ശ്രദ്ധേയമാണ്.കേരളാ ടൂറിസം, ഡിടിപിസി, അസോസിയേഷൻ ഓഫ് അപ്രൂവ്ഡ് ആൻഡ് ക്ലാസിഫൈഡ് ഹോട്ടൽസ് ഓഫ് കേരള (എഎസിഎച്ച്കെ), കേരള പ്രൊഫഷനൽ ഹൗസ്കീപേഴ്സ് അസോസിയേഷൻ (കെപിഎച്ച്എ), സൗത്ത് ഇന്ത്യ ഷെഫ്സ് അസോസിയേഷൻ (സിക) കേരള ചാപ്റ്റർ, ഓൾ കേരളാ കേറ്ററേഴ്സ് അസോസിയേഷൻ (എകെസിഎ) എന്നീ സംഘടനകളുടേയും സ്ഥാപനങ്ങളുടേയും അംഗീകാരവും പിന്തുണയും ഹോട്ടൽടെകിനുണ്ട്. മേളയ്ക്ക് സമാന്തരമായി കേരളാ കലിനറി ചലഞ്ച് (കെസിസി), ഹൗസ്കീപ്പേഴ്സ് ചലഞ്ച് (എച്ച്കെസി) എന്നീ മത്സരങ്ങളും ആദ്യരണ്ടു ദിവസങ്ങളിൽ അരങ്ങേറി.

# തൊഴിൽ സാധ്യത: സൗജന്യ പരിശീലനം

**തിരുവനന്തപുരം:** കേന്ദ്ര തൊഴിൽ ഉദ്യോഗസ്ഥ മന്ത്രാലയത്തിന്റെ കീഴിൽ പ്രവർത്തിക്കുന്ന ദേശീയ തൊഴിൽ സേവന കേന്ദ്രം പട്ടികജാതി/ പട്ടികവർഗ്ഗക്കാരായ യുവതീ യുവാക്കളുടെ തൊഴിൽ സാധ്യത വർദ്ധിപ്പിക്കുന്നതിനു വേണ്ടി വിവിധ കമ്പ്യൂട്ടർ കോഴ്സുകൾ 2024 ജൂലായ് മാസം 1ാം തീയതി മുതൽ വിവിധ ജില്ലകളിൽ ആരംഭിക്കും. പ്ലസ് ടു പാസായവർക്ക് അപേക്ഷിക്കാം. കമ്പ്യൂട്ടർ കോഴ്സുകൾക്ക് പ്രതിമാസം 1000 രൂപ സ്റ്റൈപ്പന്റും മറ്റു പഠനസാമഗ്രികളും സൗജന്യമായി നൽകും.

കോഴ്സുകളിൽ ചേരുവാൻ താൽപര്യമുള്ളവർ ജൂൺ 20ാം തീയതിക്കകം വിശദമായ ബയോഡാറ്റയും എസ്.എസ്.എൽ.സി, പ്ലസ്ടു, വരുമാന സർട്ടിഫിക്കറ്റ്, ജാതി സർട്ടിഫിക്കറ്റ്, ആധാർ കാർഡ്, എംപ്ലോയ്മെന്റ് കാർഡ്, രണ്ട് പാസ്പോർട്ട് സൈസ് ഫോട്ടോ, ബാങ്ക് പാസ്ബുക്ക് (ഫ്രണ്ട് പേജ്) എന്നീ രേഖകളുടെ കോപ്പി സഹിതം 'സബ്റീജിയണൽ എംപ്ലോയ്മെന്റ് ഓഫീസർ, നാഷണൽ കരിയർ സർവീസ് സെന്റർ ഫോർ എസ്.സി/ എസ്.ടി, സംഗീത കോളേജിന് പുറകുവശം, തൈക്കാട്, തിരുവനന്തപുരം 14' എന്ന വിലാസത്തിലോ placementsncstvm@gmail.com എന്ന ഇമെയിലിലോ അയക്കേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക്: 0471 2332113, 8304009409.

# യെസ് ഗ്രാൻഡുവർ അവതരിപ്പിച്ച് യെസ് ബാങ്ക്

**കൊച്ചി:** ഇന്ത്യയിലെ അതിവേഗം വളർന്നു കൊണ്ടിരിക്കുന്ന ഉയർന്ന വരുമാന വിഭാഗത്തിന്റെ സാമ്പത്തിക ആവശ്യങ്ങളും ജീവിതശൈലിയും കണക്കിലെടുത്തുള്ള പ്രത്യേക ബാങ്കിങ് പരിപാടിയായ യെസ് ഗ്രാൻഡുവറിന് യെസ് ബാങ്ക് തുടക്കം കുറിച്ചു. തങ്ങളുടെ ജീവിതശൈലിക്ക് അനുസൃതമായി വ്യക്തിഗത സേവനങ്ങൾ ആഗ്രഹിക്കുന്നവരെയാണ് യെസ് ഗ്രാൻഡുവർ ലക്ഷ്യമിടുന്നത്. അഞ്ചു ലക്ഷം രൂപ ശരാശരി പ്രതിമാസ ബാലൻസോ 20 ലക്ഷം രൂപയുടെ നെറ്റ് റിലേഷൻഷിപ്പ് മൂല്യമോ ഉള്ളവർക്കാണ് ഇതിന് അർഹത. പ്രത്യേകമായ റിലേഷൻഷിപ്പ് മാനേജർമാർ, ബാങ്കിങ് സേവനങ്ങൾക്ക് മുൻഗണനാ നിരക്കുകൾ, നിരവധി ചാർജുകൾ ഒഴിവാക്കൽ, ലോക്കറിന് ഇളവ്, ഡീമാറ്റ്, ട്രേഡിങ്, സേവിങ് അക്കൗണ്ടുകൾ നൽകുന്ന പ്രത്യേക 3 ഇൻ 1 അക്കൗണ്ട് തുടങ്ങിയവ ഇതിന്റെ ഭാഗമായി ലഭിക്കും. യെസ് ഗ്രാൻഡുവർ ഡെബിറ്റ് കാർഡിൽ സീറോ ക്രോസ് കൺട്രി മെയ്ക്ക് അപ് ചാർജുകൾ, അന്താരാഷ്ട്ര ചെലവഴിക്കലുകളിൽ സേവിങ്സ്, തുടങ്ങിയവയും ഇതിലൂടെ ലഭിക്കും. എയർ പോർട്ട് ലോഞ്ച് സൗകര്യം, താജ്, ഐടിസി ഹോട്ടലുകൾ, ഡിസ്നി+ ഹോട്ട്സ്റ്റാർ, സോണി ലൈവ്, ആമസോൺ എന്നിവയിലുടനീളം വ്യത്യസ്ത ആനുകൂല്യങ്ങളും പ്രത്യേകതകളിൽ ഉൾപ്പെടുന്നു.തങ്ങളുടെ ഉപഭോക്താക്കൾക്ക് അതുല്യമായ ബാങ്കിങ് അനുഭവങ്ങൾ പ്രദാനം ചെയ്യാനുള്ള പ്രതിബദ്ധതയാണ് ഗ്രാൻഡുവറിലൂടെ ദൃശ്യമാകുന്നതെന്ന് ഇതേക്കുറിച്ചു സംസാരിക്കവെ യെസ് ബാങ്ക് എക്സിക്യൂട്ടീവ് ഡയറക്ടർ രാജൻ പെൻറൽ പറഞ്ഞു.

# ഫിറ്റ്നസ് സർട്ടിഫിക്കറ്റുകൾ നൽകൽ: കാലതാമസം വരുത്തരുത്: മന്ത്രി വി ശിവൻകുട്ടി



**തിരുവനന്തപുരം:** സ്കൂൾ തുറക്കുന്നതിന് മുന്നോടിയായുള്ള കെട്ടിട, വാഹന ഫിറ്റ്നസ് സർട്ടിഫിക്കറ്റുകൾ നൽകാൻ ഉദ്യോഗസ്ഥർ കാലതാമസം വരുത്തരുതെന്ന് പൊതുവിദ്യാഭ്യാസവും തൊഴിലും വകുപ്പ് മന്ത്രി വി ശിവൻകുട്ടി. ജൂൺ 3 ന് സ്കൂൾ തുറക്കുന്നതുമായി ബന്ധപ്പെട്ട് മുഖ്യമന്ത്രിയുടെ അധ്യക്ഷതയിൽ യോഗം ചേർന്നിരുന്നു. ഈ യോഗത്തിന്റെ അടിസ്ഥാനത്തിൽ അടിയന്തിരമായി നടപടിയെടുക്കാൻ വിവിധ വകുപ്പുകൾക്ക് നിർദേശം നൽകിയിട്ടുണ്ട്. കുട്ടികളുടെ സുരക്ഷ പരമപ്രധാനമാണ്. കൃത്യമായ പരിശോധനകൾ അനിവാര്യമാണ്. എന്നാൽ ഇക്കാര്യത്തിൽ കാലതാമസം തയ്യാറെടുപ്പിനെ പ്രതികൂലമായി ബാധിക്കും. ഇക്കാര്യം ഉദ്യോഗസ്ഥർ പ്രത്യേകം ശ്രദ്ധിക്കണമെന്നും മന്ത്രി വി ശിവൻകുട്ടി നിർദേശിച്ചു.


